(1)	(2)	(3)
9	പട്ടാമ്പി	12
10	ഷൊർണ്ണൂർ	50
11	തൃശ്ശൂർ	20
12	തൃത്താല	26
	ആകെ	385

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് നിലവിൽ നബാർഡ് - ആർ.ഐ.ഡി.എഫ്. പദ്ധതി, എം.എൽ.എ. ഫണ്ട് ജില്ലാ/ഗ്രാമപഞ്ചായത്ത് ഫണ്ട്, സ്റ്റേറ്റ് പ്ലാൻ ഫണ്ട്. സെൻട്രൽ സ്കീം എന്നീ പദ്ധതികളാണ് ഉള്ളത്.

ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാനുള്ള പദ്ധതി

223 (5577) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്ക് നിയമനം നൽകാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശാരീരിക വൈകല്യങ്ങളാൽ പലവിധ പരാധീനതകൾ കൊണ്ട് ബുദ്ധിമുട്ടുന്ന ഭിന്നശേഷിയുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക, അതിലൂടെ വികലാംഗ സംരക്ഷണ നിയമം പരിപാലിക്കുക എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 പ്രകാരം അംഗപരിമിതർക്ക് പി.എസ്.സി. ഉൾപ്പടെയുള്ള നിയമനങ്ങൾക്ക് 3% സംവരണം നൽകിവരുന്നുണ്ട്. 2004-2007 വരെയുള്ള ബാക്ക് ലോഗ് വേക്കൻസി കണ്ടെത്തി പി.എസ്.സി. മുഖാന്തരം നിയമനം നടത്തിവരികയാണ്. ഇതുകൂടാതെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതരെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി, സാർക്ക് വികലാംഗ വർഷം എന്നീ ദിനാചരണങ്ങളുടെ ഭാഗമായി സ്ഥിര നിയമനം നൽകിയിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണം 16-8-1999-നും 31-12-2003-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച് 179 ദിവസം പൂർത്തിയാക്കിയ അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിഷൻ 2030 പദ്ധതി

224 (5578) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിലയുടെ ആഭിമുഖ്യത്തിൽ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കുന്ന വിഷൻ-2030 പദ്ധതിയുടെ പ്രോജക്ട് സമർപ്പണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഏതെല്ലാം മണ്ഡലങ്ങളിൽ പൂർത്തിയാക്കി ; മറ്റ് മേഖലകളിൽ ഇതിന്റെ പുരോഗതി എന്ത് ;

(ബി) വിഷൻ 2030 പ്രോജക്ടുമായി എല്ലാ വകുപ്പുകളും സഹകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ ആലോചനായോഗങ്ങളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഹാജരാകാതെയും സഹകരിക്കാതെയും ഇരിക്കുന്ന വിവിധ ഓഫീസ് മേലധികാരികൾക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുക്കാതെയും പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകാതെയും വച്ച് താമസിപ്പിക്കുകയും ചെയ്യുന്ന സ്ഥാപന മേധാവികൾ നല്കാത്ത വിവരങ്ങൾ ശേഖരിക്കുന്നതിന് മാർഗമില്ലാത്തതിനാൽ അത്തരം വകുപ്പുകളുടെ വികസനവും ഭാവി പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ വികസന രേഖയിൽ ഉൾപ്പെടുത്താനാവാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം വികസനരേഖയിൽ ഉൾപ്പെടാതെ പോകുന്നതുമൂലം ഭാവിയിലെ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ അത്തരം സ്ഥാപനങ്ങളിലും ആ വകുപ്പിലും ലഭിക്കാതെ പോയാൽ ഇപ്രകാരം വിവരങ്ങൾ നല്കാതെ നിസ്സഹകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly